To,

ബിനോയ് വിശ്വം
വനം വകുപ്പ് മന്ത്രി
തിരുവനന്തപുരം

# മരം വെട്ടലല്ലേ ഭീകരത!

കൊച്ചിൻ ഷിപ്പ്യാർഡിനു സമീപമുള്ള ഒരു വാകമരം വെട്ടി നശിപ്പിക്കാനുള്ള ശ്രമം കഴിഞ്ഞ ദിവസം നടന്നിരുന്നു. അനേകം ജീവജാലങ്ങൾക്കും മനുഷ്യനും തണലും പ്രാണവായുവും മാത്രം നൽകിയ ഈ വൃക്ഷത്തെ വെട്ടിമാറ്റുന്നതുകണ്ടപ്പോഴുള്ള മനോവിഷമവും ധാർമികബോധവും മൂലം നടത്തിയ അന്വേഷണത്തിൽ അറിയാൻ സാധിച്ചത് ഈ വൃക്ഷം കൊച്ചിൻ ഷിപ്പയാർഡിന്റെ നിലനിൽപ്പിന് ഭീഷണിയായതു കൊണ്ട് വെട്ടിക്കളയുന്നു എന്നാണ്. ഭീകരർ വൃക്ഷത്തിൽ കയറി ഷിപ്പ്യാർഡിനെആക്രമിക്കുവാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര-സംസ്ഥാനരഹസ്യാന്വേഷണ ഏജൻസികളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഷിപ്പയാർഡ് അധികൃതർ മരം വെട്ടി മാറ്റാൻ ഉടമക്ക് നോട്ടീസ് അയച്ചത്. വിദേശമലയാളിയായ ഉടമ അറിയാതെ ഏതാനും ചിലർ നടത്തിയ ഈ വിഢിത്തത്തിനെതിരെ യഥാസമയം ഞങ്ങൾ ഇടപെടുകയും ജ:V.R.കൃഷ്ണയ്യർ, പ്രൊഫ:M.K.സാനു എന്നിവരുടെ സഹായം അഭ്യർത്ഥിക്കുകയും ചെയ്തതിനെത്തുർന്ന് പകുതി ജീവൻ നഷ്ടപ്പെട്ട നിലയിൽ ഈ വൃക്ഷത്തെ സംരക്ഷിക്കുവാൻ കഴിഞ്ഞു. കൊച്ചിൻ ഷിപ്പയാർഡിനു സമീപം അനേകം ബഹുനിലക്കെട്ടിടങ്ങളുണ്ട്. ഇവയെല്ലാം താവളമാക്കി രാജ്യദ്രോഹികൾക്ക് ഷിപ്പയാർഡിനെആക്രമിക്കുവാൻ വളരെ എളുപ്പമാണെന്നിരിക്കെ ഇതൊന്നും അന്വേഷണപരിധിയിൽ വരാതെ കേവലമൊരു വൃക്ഷത്തെ വെട്ടിമാറ്റാനെടുത്ത തീരുമാനം സാമാന്യബുദ്ധിക്ക് നിരകുകന്നതല്ല.

ആഗോളതാപനത്തെചെരുഖ്കുവാൻ വഴിയോരതണൽമരപദ്ധതികളും വിദ്യാലയങ്ങൾ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ വൃക്ഷങ്ങൾ നട്ടുവളർത്തുന്നത് നല്ലതുതന്നെ. അതോടൊപ്പം നിലവിലുള്ള വൃക്ഷങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതല്ലേ? വൃക്ഷങ്ങൾ വെട്ടിമാറ്റാനുള്ള തീരുമാനങ്ങൾ എടുക്കുന്നത് ഉദ്യാഗസ്ഥന്മാരാണ്. ഇത് നീതിപൂർവമല്ലെന്ന് പലസംഭവങ്ങളും തെളിയിക്കുന്നു. അടുത്തിടെ എറണാകുളം കോടതിവളപ്പിലെ തണൽമരങ്ങൾ വെട്ടിനീക്കാനുള്ള തീരുമാനം ഇതിന് ഉദാഹരണമാണ്. ഇത്തരത്തിലുള്ള വിവേചനരഹിതമായ തീരുമാനങ്ങൾ മൂലം അംഗഭംഗവും ഉന്മൂലനാശവും സംഭവിച്ചത് എത്രയെത്ര വൃക്ഷങ്ങൾക്കാണ്. ഇതിനെതിരെ രംഗത്തുവന്നിട്ടുള്ള പരിസ്ഥിതി- സാംസ്കാരികപ്രവർത്തകരാണ് ഗവൺമെന്റിന്റെയും ഗുണ്ടകളുടെയും പീഡനത്തിന് ഇരയായിട്ടുള്ളത്. കൊല്ലം കോർപ്പറേഷൻ പരിസരത്തെ തണൽമരങ്ങൾ വെട്ടുന്നതിനെതിരെ പ്രതികരിച്ച വിളച്ചിക്കാല സമരസമിതി നേതാവ് ഓടനാവട്ടം വിജയപ്രകാശിനെഏതാനും ഗുണ്ടകൾ കൈകാര്യം ചെയ്തത് ഒടുവിലത്തെ ഉദാഹരണമാണ്. ഇത്തരം കേസുകളിൽ എത്രപേരെയാണ് ഗവൺമെന്റ് ശിക്ഷിച്ചിട്ടുള്ളത്?

വരാൻപോകുന്ന അനേകം വികസനപദ്ധതികളുടെ മറവിൽ എത്ര വൃക്ഷങ്ങളായിരിക്കും കൊലക്കത്തിക്ക് ഇരയാവാൻ പോകുന്നത്? എത്ര ഹെക്ടർ തണ്ണീർത്തടങ്ങളും കൃഷിഭൂമിയുമാണ് നികത്തപ്പെടുമാൻ പോകുന്നത്? ഈ സ്ഥാനത്ത് ഉയർന്നുവരുന്ന കോൺക്രീറ്റ്കാടുകൾക്ക് ആഗോളതാപനത്തെ ചെറുക്കുവാൻ സാധിക്കുമോ? കാലഘട്ടത്തിനനുസരിച്ച് വികസനസമീപനവും പൊളിച്ചെഴുതേണ്ടസമയം അതിക്രമിച്ചിരിക്കുന്നു. ആഗോളതാപനത്തിനെതിരെ മാർച്ച് 28 ഭൂമിക്കൊരു ദിവസമായി ആചരിക്കുമ്പോൾ ഇത്തരം ചിന്തകൾ കടന്നുവരണം. അപ്പോഴാണ് കൊച്ചിൻ ഷിപ്പ്യാർഡിനു സമീപത്തെ പകുതിശരീരം നഷ്ടപ്പെട്ട വൃക്ഷം നമുക്കുമുന്നിൽ ഒരു ചോദ്യചിഹ്നമായി അവശേഷിക്കുന്നത്.

എന്ന്,
യേശുദാസ് വരാപ്പുഴ,
കൺവീനർ, പരിസ്ഥിതി-സാംസ്കാരിക കൂട്ടായ്മ,
എറണാകുളം-683517

**കവിത**

യേശുദാസ് വരാപ്പുഴ

## തെരഞ്ഞെടുപ്പ്

സിംഹവും കാളയും
സ്ഥാനാർത്ഥികൾ
നുകം
വലിച്ച്
എല്ലുന്തിയ
കാളയെ
അവഗണിച്ച്
തിന്നുകൊഴുത്ത
സിംഹത്തെ
അവർ അധികാരത്തിലേറ്റി.

സിംഹം
വേട്ടയ്ക്കിറങ്ങിയപ്പോഴാണ്
കാളയുടെ
മഹത്വം
തിരിച്ചറിഞ്ഞത്

(സമർപ്പണം : വികസനത്തിന്റെ പേരിൽ കുടിയൊഴിപ്പിക്കപ്പെട്ടവർക്ക്)